ചെങ്ങന്നൂർ നഗരസഭ

നമ്പർ- R3-5216443/2026 തീയതി - 19/09/2026

ലേലം/ക്വട്ടേഷൻ നോട്ടീസ്

ചെങ്ങന്നൂർ നഗരസഭയുടെ പരിധിയിൽ വരുന്ന ഗവൺമെന്റ് മോഡൽ വി.എച്ച്.എസ്.എസ് - ന്റെ പഴയ കെട്ടിടം പൊളിച്ചു മാറ്റുന്നതിന് ബഹു. നഗരസഭ കൗൺസിലിന്റെ അനുമതി ലഭിച്ചിട്ടുണ്ട്. ടി അനുമതി ലഭിച്ചതിൻ പ്രകാരവും, നിലവിലെ നഗരസഭാ വ്യവസ്ഥകൾക്ക് വിധേയമായും ടി കെട്ടിടം പൊളിച്ചു മാറ്റുന്നതിന് 1,18,189/- രൂപയും ലേലം കൈക്കൊള്ളുന്ന തുകയും 18% GST തുക കൂടി ഉൾപ്പെടുത്തി വാല്യുവേഷൻ അംഗീകരിച്ചിട്ടുണ്ട്.

ടി കെട്ടിടം ടി നിരക്കിൽ പൊളിച്ചു മാറ്റുന്നതിന് മത്സരാധിഷ്ഠിത ലേലം/ക്വട്ടേഷൻ നടപടികൾ നഗരസഭ ഓഫീസിൽ വച്ച് 26.09.2026-ന് പകൽ 11.00 മണിക്ക് നടത്താൻ തീരുമാനിച്ചിരിക്കുന്നു. ലേലം/ക്വട്ടേഷൻ നടപടികളിൽ പങ്കെടുക്കാൻ താൽപ്പര്യമുള്ളവർ അന്നേദിവസം 11.00 മണിക്ക് മുമ്പായി ഓഫീസിൽ ഹാജരായി ലേലത്തിൽ പങ്കെടുക്കേണ്ടതാണ്.

ലേലം/ക്വട്ടേഷൻ നിബന്ധനകൾ

- ലേലത്തിൽ പങ്കെടുക്കുന്നതിന് മുമ്പ് ലേലതുകയുടെ 2.5% ഡെപ്പോസിറ്റായി നഗരസഭാ സെക്രട്ടറിയുടെ പേരിൽ DD/Cash ആയി ഒടുക്കിയ രസീത് ഹാജരാക്കേണ്ടതാണ്.
- ലേലത്തിൽ പങ്കെടുത്ത ആളിന്റെ ആധാർ/ID കാർഡിന്റെ പകർപ്പ് ഹാജരാക്കേണ്ടതാണ്.
- ക്വട്ടേഷനുകൾ 2.5% ഡെപ്പോസിറ്റ് (DD/Cash) തുകയോടുകൂടി സീൽ വച്ച കവറിൽ 25.09.2026-ന് പകൽ 3.00 മണിയ്ക്ക് മുമ്പായി നേരിട്ടോ, തപാൽ മുഖേനയോ ലഭ്യമാക്കേണ്ടതാണ്. നിശ്ചയിച്ച സമയത്തിന് ശേഷം ലഭിക്കുന്ന ക്വട്ടേഷനുകൾ സ്വീകരിക്കുന്നതല്ല.
- ലേലം അംഗീകരിക്കുന്നത് ബഹു. കൌൺസിലിന്റെ തീരുമാനത്തിന് വിധേയമായാണ്.
- ബഹു. കൌൺസിൽ ലേലം അംഗീകരിച്ച് അറിയിപ്പ് നൽകി 7 ദിവസത്തിനുള്ളിൽ കെട്ടിടം പൊളിച്ചു മാറ്റി, കെട്ടിടം പൊളിക്കുന്നതിനായി ഉപയോഗിച്ചിട്ടുള്ള ഉപകരണങ്ങളും, കെട്ടിടാവശിഷ്ടങ്ങളും മുഴുവനായും ടി സ്ഥലത്ത് നിന്ന് നീക്കം ചെയ്യേണ്ടതാണ്.
- ബഹു. കൗൺസിൽ ലേലം അംഗീകരിച്ച് അറിയിപ്പ് ലഭിച്ചാൽ അന്നേ ദിവസം തന്നെ ലേലക്കാരൻ ലേലം സ്ഥിരപ്പെടുത്തിയ തുകയും ലേലം സ്ഥിരപ്പെടുത്തിയ തുകയുടെ 18% GST യും 2% IT യും നഗരസഭ ട്രഷറിയിൽ ഒടുക്കി രസീത് ഹാജരാക്കേണ്ടതാണ്.
- കെട്ടിടം പൊളിച്ചു മാറ്റി വിവരം അറിയിക്കുന്ന മുറയ്ക്ക് നഗരസഭ പരിശോധിച്ച് കെട്ടിടം പൊളിക്കുന്നതിനായി ഉപയോഗിച്ചിട്ടുള്ള ഉപകരണങ്ങളും, കെട്ടിടാവശിഷ്ടങ്ങളും മുഴുവനായും ടി സ്ഥലത്ത് നിന്ന് അസിസ്റ്റന്റ് എഞ്ചിനീയറുടെ സാന്നിദ്ധ്യത്തിൽ നീക്കം ചെയ്യേണ്ടതാണ്.

CHENGANNUR MUNICIPALITY ALAPPUZHA DIST.

സെക്രട്ടറി
ചെങ്ങന്നൂർ നഗരസഭ
SECRETARY
Chengannur Municipality

പകർപ്പ്: നോട്ടീസ് ബോർഡ്